<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2477 | 19.12.2012-ൽ മറുപടിയ്ക്ക്

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാൻ തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാൻ തയ്യാറെടുപ്പ് നടത്തിയിട്ടുണ്ട്. "ഇന്ത്യ ഇ-ഡെലിവറി ഓഫ് പബ്ലിക് സർവ്വീസസ് ഡി പി എൽ" പദ്ധതി പ്രകാരം വേൾഡ് ബാങ്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള വിശദമായ പ്രോജക്ട് പ്രപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് നൽകിയിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റ് പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ; ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ആരോഗ്യ പരിരക്ഷ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി ഗുണപരമായ മാറ്റങ്ങൾ വിഭാവനം ചെയ്യുന്നു. |
| (സി) | ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) സംസ്ഥാനം ഇതിനകം ആരോഗ്യരക്ഷ, വിവരവിജ്ഞാന, പൊതുവിജ്ഞാന മേഖലകളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പ്രയോജനപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇ-ഹെൽത്ത് പദ്ധതി പ്രകാരം ലഭ്യമാകുന്ന എല്ലാ സേവനങ്ങൾക്കും ഉപയുക്തമാകുന്ന തരത്തിൽ അതത് സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും ആരോഗ്യപരിരക്ഷ സംബന്ധിച്ച വിവരങ്ങളടങ്ങിയ കേന്ദ്രീകൃത ഡാറ്റാ ബാങ്കിന്റെ സംസ്ഥാപനം ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു. |

സംസ്ഥാനത്തിന്റെ ആരോഗ്യ നയരൂപീകരണത്തിലും പദ്ധതി ആവിഷ്കരണത്തിലും സമഗ്ര ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ആവിഷ്കരണത്തിനും രോഗപ്രതിരോധനിയന്ത്രണ പദ്ധതികളുടെ ആവിഷ്കരണത്തിനും പ്രസ്തുത ഇൻഫർമേഷൻ സിസ്റ്റം ഉപയുക്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. സർക്കാർ മേഖലയിലെ എല്ലാ ആതുര ശുശ്രൂഷാ കേന്ദ്രങ്ങളേയും കോർത്തിണക്കുന്ന ഒരു ഹൈബാൻഡ് വിഡ്ത്ത് നെറ്റ് വർക്ക് സിസ്റ്റത്തിന്റെ രൂപീകരണവും പ്രസ്തുത നെറ്റ് വർക്കുമായി സെൻട്രൽ പേഷ്യന്റ് ഡാറ്റാ റിപ്പോസിറ്ററിയെ ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. വിദൂര ഗ്രാമ പ്രദേശങ്ങളിൽ ഗുണമേൻമയേറിയ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ടെലിമെഡിസിൻ യൂണിറ്റുകളെ മേജർ ആശുപത്രികളുമായി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. സി.ഡാക്ക് എന്ന സ്ഥാപനമാണ് ഈ ഉദ്യമത്തിന്റെ സാങ്കേതികപങ്കാളി. ടെക്നോപാർക്ക്, തിരുവനന്തപുരം, അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയവയാണ് സംസ്ഥാനസർക്കാർ ഉദ്ദേശിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങൾ. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന നിർദ്ദേശമായതിനാൽ കൂടുതൽ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ